"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.559/2022/LSGD തീയതി,തിരുവനന്തപുരം, 09-03-2022

---

പരാമർശം:- 1. സ.ഉ (സാധാ) നം.1209/2013/ തസ്വഭവ നമ്പർ തീയതി : 06.05.2013

2. 10.02.2022 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഇനം നമ്പർ 4.63

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് അവശതയനുഭവിക്കുന്ന വിവിധ ജന വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു . പ്രസ്തുത പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കളുടെ സാമൂഹ്യ — ആരോഗ്യ സാമ്പത്തിക ശാക്തീകരണത്തിനായുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതാണ് . ഓരോ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 3 5 % ലേറെ തുക ചെലവഴിക്കപ്പെടുന്നത് വിവിധ ക്ഷേമ പദ്ധതികളിലൂടെ സാമൂഹ്യ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് . എന്നാൽ മേൽ വിവരിച്ച എല്ലാ സാമൂഹ്യ ശാക്തീകരണ പദ്ധതികളും അർഹരായ ഗുണഭോക്താക്കൾക്ക് നൽകുന്നതിന് സംസ്ഥാന ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തുന്ന തുക പര്യാപ്തമാകുന്നില്ല . അധികരിക്കുന്ന തുക വിവിധ ഏജൻസികളുടെ ധനസഹായത്തോടെയാണ് സമാഹരിക്കുന്നത് .

പരാമർശം(1) ഉത്തരവ് പ്രകാരം പ്രകാരം ഗ്രാമപഞ്ചായത്തുകൾ 5 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത് / മുനിസിപ്പാലിറ്റികൾ 10.00 ലക്ഷം രൂപ വീതം, ജില്ലാ പഞ്ചായത്ത്/ കോർപ്പറേഷനുകൾ 25.00 ലക്ഷം രൂപ എന്നീ ക്രമത്തിൽ ഓരോ വർഷവും കേരള സാമൂഹ്യ സുരക്ഷാ മിഷന് സംഭാവനയായി നൽകാൻ യഥേഷ്ടാനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത സംഭാവന മുടക്കം കൂടാതെ തുടർന്നും ലഭ്യമാക്കുന്നതിന് നടപടിയുണ്ടാകണമെന്ന് സാമൂഹ്യ സുരക്ഷാ മിഷൻ 05.02.2022 ന് നൽകിയ അപേക്ഷ പരാർശം (2) പ്രകാരമുള്ള സംസ്ഥാനതല കോ - ഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും അനുകൂല തീരുമാനമെടുക്കുകയുമുണ്ടായി. അതിൻ പ്രകാരം ,കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ "We Care" പദ്ധതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പരാമർശം (1) ഉത്തരവിൽ പരാമർശിച്ച നിരക്കിൽ തുടർന്നും സംഭാവന നൽകുന്നതിന് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ധനസഹായം സ്വീകരിക്കുന്ന രോഗികളുള്ള നഗരസഭ കൾക്കും ഗ്രാമപഞ്ചായത്തുകൾക്കും രോഗികളുടെ എണ്ണത്തിന്റേയും ആവശ്യത്തിന്റേയും അടിസ്ഥാനത്തിൽ കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷന് തുക നൽകാവുന്നത്.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന വിഹിതം അതതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രോഗികൾക്ക് കിട്ടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം.

സംഭാവന നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമൂഹ്യ സുരക്ഷാ മിഷൻ ധനവിനിയോഗ സാക്ഷ്യപത്രം നല്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shemim Khan S H
Date: 11-03-2022 10:30:07
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്